**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3638** — **14-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന കായിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേക്ക് ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (എ) | **വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേക്ക് ആകർഷിക്കുന്ന പദ്ധതികളായ ഗോൾ (ഫുട്ബോൾ പരിശീലനം), ജൂഡോക്കോ (ജൂഡോ പരിശീലനം), ഹെൽത്തി കിഡ്സ് (കുട്ടികൾക്ക് കായികക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതി), ഹൂപ്സ് (ബാസ്കറ്റ് ബോൾ പരിശീലനപദ്ധതി) എന്നിവ തിരുവനന്തപുരം ജില്ലയിലെ ചുവടെ പറയുന്ന സ്കൂളുകളിൽ നടപ്പാക്കി വരുന്നു.**<br><br>**ഗോൾ പദ്ധതി**<br><br>**1) ഗവ.വി.എച്ച്.എസ്.എസ്, കുളത്തൂർ**<br><br>**2) ജി.ജി.എച്ച്.എസ്.എസ്,മലയിൻകീഴ്**<br><br>**ജൂഡോക്കോ പദ്ധതി**<br><br>**ജി.എച്ച്.എസ്.എസ്, അരുവിക്കര**<br><br>**ഹെൽത്തി കിഡ്സ് പദ്ധതി**<br><br>**1)കഠിനംകുളം ജി.എസ്.കെ.വി. എൽ.പി, കഴക്കൂട്ടം**<br><br>**2) കുളത്തൂർ ഗവ.എൽ.പി.സ്കൂൾ**<br><br>**ഹൂപ്സ് പദ്ധതി**<br><br>**1) തൈക്കാട് മോഡൽ ബോയ്സ് ഹൈ സ്കൂൾ, തിരുവനന്തപുരം**<br><br>**2) നെയ്യാറ്റിൻകര ജി.എച്ച്.എസ്.എസ്**<br><br>**കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഹോസ്റ്റൽ സ്കീമിൽ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി അവർക്ക് താമസസൗകര്യവും വിവിധ** |

| | | | |
|---|---|---|---|
| | | | **കായികയിനങ്ങളിലായി വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനവും നൽകി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ, പിരപ്പൻകോട്, ചെമ്പഴന്തി, നന്ദിയോട്, ചിറയിൻകീഴ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ ജില്ലാ സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ചുവരുന്നു. സെന്റ് ഗോരട്ടീസ് എച്ച്.എസ്.എസ് നാലാഞ്ചിറ, സെന്റ് ജോസഫ് എച്ച്.എസ്.എസ് എന്നിവിടങ്ങളിൽ സ്കൂൾ സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ